പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2274 **27-10-2026-ൽ മറുപടിയ്ക്ക്**

കയർ മേഖലയുടെ പുനരുദ്ധാരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ബിനിമോൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കയർ മേഖലയുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി "കയറിനൊരു കൈത്താങ്ങ് ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" പദ്ധതി ആവിഷ്കരിച്ച് കേരളത്തിലെമ്പാടും കയർ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു.

2026 ഓണക്കാലത്ത്, കയർ സംഘങ്ങളിലെ തൊഴിൽരഹിതരായ കയർ തൊഴിലാളികൾക്ക് 2000/- രൂപ വീതം അഡ്വാൻസ് /എക്സ്ഗ്രേഷ്യ ആയി നൽകുന്നതിന് ഒരു കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

സംഘങ്ങൾക്ക് ചകിരിലഭ്യത ഉറപ്പു വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന മെറിറീയൽ ബാങ്ക് ഫോർ കയർ ഫൈബർ പദ്ധതിക്കായി കയർഫെഡിന് 3.95 കോടി രൂപയും റിവോൾവിംഗ് ഫണ്ട് പദ്ധതിക്കായി കയർഫെഡിന് 7 കോടി രൂപയും കയർ കോർപ്പറേഷന് 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ കയർമേഖലയുടെ സമഗ്ര പുരോഗതിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ